(ബി) പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലൂടെ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി&ഇ) 2008-09 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പാലക്കാട് കോച്ച് ഫാക്ടറിക്കായി സംസ്ഥാന സർക്കാർ ഇതുവരെ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറിക്കഴിഞ്ഞു. പദ്ധതിയുടെ പൂർത്തീകരണത്തിനായി J. V. Partner (Joint Venture)-നെ കണ്ടെത്തുവാനുള്ള നടപടികൾ ഡിസംബറിൽ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി.

വകുപ്പുമേധാവികളുടെയും കളക്ടർമാരുടെയും വാർഷികയോഗം

45 (45) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റവും ഒടുവിൽ വിളിച്ചു ചേർത്ത വകുപ്പുമേധാവികളുടേയും കലക്ടർമാരുടേയും വാർഷിക യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) യോഗതീരുമാനങ്ങൾ അടങ്ങിയ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

ജീവനക്കാർക്കെതിരെയുള്ള കേസുകൾ

46 (46) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത്, സർക്കാർ ആഫീസിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) കൈക്കൂലി വാങ്ങിയ എത്ര ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി ;

(സി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച കേസുകളിലുമായി എത്ര സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ആഫീസിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച 87 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൈക്കൂലി വാങ്ങിയ 90 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ 61 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച കേസുകളിലുമായി 169 സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട്.

കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേയ്ക്കുള്ള യോഗ്യത

47 (47) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഡിഗ്രിക്ക് സബ്സിഡിയറിയായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്ജക്ട് പഠിച്ച് വിജയിച്ചവർക്ക്, പി.എസ്.സി. മുഖേനയുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങി കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യതയായി പി.എസ്.സി അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി.ക്ക് ഇതിനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഓരോ തസ്തികയുടെയും യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ആ തസ്തിക ഉൾക്കൊള്ളുന്ന വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമാണ്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ച ഡിഗ്രി, കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്ന വിഷയം അതാത് ഭരണ വകുപ്പുകൾ ഓരോ കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് തീരുമാനമാകേണ്ടതാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ അധിക യോഗ്യതയായി ഉൾപ്പെടുത്തിയ ഡി.സി.എ.ക്ക് ഉയർന്ന/

LIBRARY ARCHIVES Kerala Legislative Assembly